# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 07.08.2017 ലെ മറുപടിയ്ക്ക്

നം. 12

## നവകേരള മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സർക്കാർ നടപ്പിലാക്കി വരുന്ന നവകേരള മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മിഷന്റെ പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന വ്യക്തമാക്കാമോ; | (ബി) | കേരളം അഭിമുഖീകരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന ഒരു പ്രധാന പരിപാടിയാണ് നവകേരളം കർമ്മപദ്ധതി. സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനും വേണ്ടിയുള്ള കാലികപ്രസക്തിയുള്ള ദൗത്യങ്ങളാണ് നവകേരളം കർമ്മപദ്ധതി. ആറ് മുൻഗണനാമേഖലകളെ കോർത്തിണക്കി നാല് വികസന മിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ലൈഫ് മിഷനിലൂടെ ഭൂരഹിതഭവനരഹിതരായിട്ടുള്ള എല്ലാപേർക്കും പാർപ്പിടം ലഭ്യമാക്കുവാനും, ആർദ്രം മിഷനിലൂടെ സർക്കാർ |

| | | |
|---|---|---|
| | | ആശുപത്രികൾ ജനസൗഹൃദ ആശുപത്രികളാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനും ഹരിതകേരളം മിഷനിലൂടെ ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. പരമാവധി ബഹുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പൊതുജനോപകാര പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. |
| (സി) | മിഷന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (സി) 2017 ജൂലൈ വരെ 42,41,785/- രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | മിഷൻ പ്രവർത്തനങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. |

Joint